# ഖുർആൻ ബോധനം

എ.വൈ.ആർ

633

സൂറ-15

# അൽ ഹിജ്ർ

وَلَقَدْ خَلَقْنَا ٱلْإِنسَـٰنَ مِن صَلْصَـٰلٍ مِّنْ حَمَإٍ مَّسْنُونٍ ﴿٢٦﴾
وَٱلْجَآنَّ خَلَقْنَـٰهُ مِن قَبْلُ مِن نَّارِ ٱلسَّمُومِ ﴿٢٧﴾

26 വരണ്ട കളിമണ്ണിൽനിന്നുള്ള കറുത്ത് നാറുന്ന പദാർഥത്തിൽനിന്ന് നാം മനുഷ്യനെ സൃഷ്ടിച്ചു.
27 അതിനു മുമ്പ് നാം തീജ്വാലയിൽനിന്ന് ജിന്നുകളെ സൃഷ്ടിച്ചിട്ടുണ്ടായിരുന്നു.

وَلَقَدْ خَلَقْنَا ٱلْإِنسَـٰنَ= തീർച്ചയായും നാം മനുഷ്യനെ സൃഷ്ടിച്ചു مِن صَلْصَـٰلٍ= വരണ്ട, ചിലമ്പുന്ന കളിമണ്ണിൽനിന്ന് ഉള്ള
مِّنْ حَمَإٍ= കറുത്ത(പദാർഥത്തിൽനിന്ന്) مَّسْنُونٍ= പഴക്കമുള്ള, ജീർണിച്ച, നാറുന്ന وَٱلْجَآنَّ= ജിന്നുകളെ
خَلَقْنَـٰهُ= നാം അതിനെ സൃഷ്ടിച്ചു مِن قَبْلُ= (അതിനു) മുമ്പ് مِن نَّارِ ٱلسَّمُومِ= തീക്കാറ്റിൽനിന്ന്, തീജ്വാലയിൽനിന്ന്

**26:** ഇവിടം മുതൽ 45-ാം സൂക്തം വരെ മനുഷ്യോൽപത്തിയുടെ കഥപറയുകയാണ്. ഈ കഥ ചില്ലറ പാഠഭേദങ്ങളോടെ സൂറ *അൽബഖറ*യിലും സൂറ *അൽഅഅ്റാഫി*ലും ഉദ്ധരിച്ചിരിക്കുന്നു. *അൽ ഇസ്റാഅ്, അൽകഹ്ഫ്, സ്വാദ്* തുടങ്ങിയ സൂറകളിൽ ഇനിയും ഇതാവർത്തിക്കുന്നുണ്ട്. ഖുർആനിലെ ഇത്തരം ആവർത്തനങ്ങൾ കേവലം ആവർത്തനങ്ങളല്ല. ഒരു കാര്യം പലയിടത്ത് പറയുമ്പോൾ, ഓരോ സന്ദർഭത്തിലും പ്രത്യേകമായ ആശയങ്ങളും ധ്വനികളും സാംഗത്യവുമുണ്ടായിരിക്കും. ഈ സൂറയിൽ സൃഷ്ടി കഥയുടെ സാംഗത്യം ഇങ്ങനെ മനസ്സിലാക്കാം:

തെളിഞ്ഞ വേദ സൂക്തങ്ങളാണിത്- تِلْكَ ءَايَـٰتُ ٱلْكِتَـٰبِ وَقُرْءَانٍ مُّبِينٍ എന്ന പ്രസ്താവനയിലൂടെയാണ് സൂറ ആരംഭിച്ചത്. അത് മനുഷ്യ ജീവിതത്തിന്റെ ആത്മീയവും ധാർമികവുമായ മൂല്യങ്ങളുടെ സ്രോതസ്സിനെക്കുറിച്ചുണർത്തുന്നു. അനന്തരം ജീവിതത്തിന്റെ പദാർഥപരമായ ആധാരങ്ങളെക്കുറിച്ചു പറയുന്നു. അല്ലാഹുവും പ്രവാചകനും വേദവും അവയിലൂടെ വെളിപ്പെടുന്ന പ്രമാണങ്ങളുമാണ് ആദ്യത്തേത്. ഭൂമിയുടെ വിസ്തൃതി, വായുവിന്റെ ചലനം, വൃഷ്ടിപ്രതിഭാസം, ഭൂമിയിലുള്ള വിഭവ സജ്ജീകരണം, പർവത സാന്നിധ്യം, പദാർഥങ്ങളുടെ സന്തുലിതത്വം തുടങ്ങിയവയാണ് രണ്ടാമത്തേത്. ഇങ്ങനെ ഭൂമിയിൽ തന്റെ പ്രതിനിധിയായിരിക്കാൻ അല്ലാഹു ഉദ്ദേശിച്ച മനുഷ്യർക്ക് ആവശ്യമായ ഭൗതികവും ആത്മീയവുമായ ആധാരങ്ങളെല്ലാം ഒരുക്കിയിരിക്കുന്നു. അനന്തരം ഇതെല്ലാം ആർക്കുവേണ്ടിയാണോ ചെയ്തത്, ആ മനുഷ്യവർഗത്തിന്റെ ഉൽപത്തി വിവരിക്കുകയാണ്. മനുഷ്യോൽപത്തിയുടെ ലക്ഷ്യമെന്തെന്നും ആ ലക്ഷ്യത്തിൽനിന്ന് അവൻ വ്യതിചലിക്കുന്നതെങ്ങനെയെന്നും അത് വ്യക്തമാക്കുന്നു. അതിൽനിന്നുള്ള ധ്വനി ഇതാണ്:

ഇന്ന് ആളുകൾ സത്യ-ധർമങ്ങൾ കൈക്കൊള്ളാതെ അഹങ്കാരികളും ഗർവിഷ്ഠരുമായി ദൈവദൂതനെ തള്ളിപ്പറയുന്നുവെങ്കിൽ അതിന്റെ യഥാർഥ കാരണം പ്രവാചക സന്ദേശം സത്യമാണെന്നതിന് തെളിവില്ലാത്തതോ തങ്ങളാവശ്യപ്പെട്ട ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെടാത്തതോ അല്ല; പ്രത്യുത, മനുഷ്യൻ സൃഷ്ടിക്കപ്പെട്ട സന്ദർഭത്തിൽ അവനെ സൃഷ്ടി ലക്ഷ്യത്തിൽ നിന്നകറ്റാനും വഴിപിഴപ്പിക്കാനും പ്രതിജ്ഞയെടുത്ത ഇബ്ലീസിന്റെ ചതിയിൽ പെട്ടുപോകുന്നതാണ്. അല്ലാഹുവിന്റെ നിഷ്കളങ്ക ദാസന്മാരാകുന്നവർക്കു മാത്രമേ ഇബ്ലീസിനെ മനസ്സിലാക്കാനും അവന്റെ ചതികളിൽനിന്ന് രക്ഷപ്പെടാനും കഴിയൂ.

صَلْصَلَ യിൽനിന്നുള്ളതാണ് صَلْصَـٰلٍ. ചിലമ്പൽ, കിലുക്കം, ഡണ്ഡണാരവം, മുഴക്കം തുടങ്ങിയവയെയാണ് صَلْصَلَ കുറിക്കുന്നത്. വരണ്ടുണങ്ങിയ കളിമണ്ണിന് صَلْصَـٰلٍ എന്നുപറയുന്നു. മൺപാത്രം പോലെ വരണ്ടുണങ്ങിയ കളിമണ്ണിൽ മുട്ടിയാൽ ചിലമ്പുകയോ മുഴങ്ങുകയോ ചെയ്യുമല്ലോ. രൂപപ്പെടുത്തി തീയിൽ ചുട്ടെടുക്കുന്ന മൺപാത്രത്തിന് فخار എന്നുപറയുന്നു. സൂറ *അർറഹ്മാനിൽ* മനുഷ്യസൃഷ്ടിയെക്കുറിച്ച് مِن صَلْصَـٰلٍ كَٱلْفَخَّارِ -മൺപാത്രം പോലെ മുട്ടിയാൽ ചിലമ്പുന്ന കളിമണ്ണിൽനിന്ന്- എന്നു പറയുന്നുണ്ട്. ഈയടിസ്ഥാനത്തിൽ صَلْصَـٰلٍ നും മുട്ടിയാൽ മുഴങ്ങുന്ന വരണ്ട കളിമണ്ണ് എന്ന് അർഥം നൽകപ്പെട്ടിട്ടുണ്ട്. കറുത്ത കളിമണ്ണാണ് حَمَأ. ഈർപ്പവും

മാലിന്യവും ചേർന്ന് ദുഷിക്കുമ്പോഴാണ് കളിമണ്ണ് കറുക്കുന്നത്. പഴക്കത്താൽ ദുഷിച്ചു നാറുന്നതാണ് مَّسْنُونٍ. ചില ഭാഷാ പണ്ഡിതന്മാരുടെ വീക്ഷണത്തിൽ مسنون–تَسَنَّه–سنَّة–سَنَة എന്നീ പദങ്ങളെല്ലാം ഒരേ മൂലത്തിൽനിന്നുള്ളതാണ്. പന്ത്രണ്ടു മാസം നീണ്ടകാലം سَنَة. വളരെകാലം ആചരിച്ചു വരുന്ന നടപടിക്രമം سُنَّة. കാലപ്പഴക്കത്താൽ വ്യത്യാസപ്പെട്ട് കേടായിപ്പോകൽ تسنّه. ദുഷിച്ചു നാറുന്നത് مَّسْنُونٍ. *അൽബഖറ* 259-ാം സൂക്തത്തിൽ فَانظُرْ إِلَىٰ طَعَامِكَ وَشَرَابِكَ لَمْ يَتَسَنَّهْ - നിന്റെ അന്നപാനീയങ്ങൾ നോക്കുക അത് ഒട്ടും വ്യത്യാസപ്പെട്ടിട്ടില്ല. അഥവാ കേടായിട്ടില്ല എന്നു പറയുന്നുണ്ട്. خَلَقْنَا الْإِنسَانَ مِن صَلْصَالٍ مِّنْ حَمَإٍ مَّسْنُونٍ ലെ രണ്ടാമത്തെ من അവഗണിച്ചുകൊണ്ട് ഗന്ധമുള്ള കറുത്ത, വരണ്ടുണങ്ങി മുട്ടിയാൽ മുഴങ്ങുന്ന കളിമണ്ണിൽനിന്ന് എന്ന് അർഥം നൽകാറുണ്ട്. അപ്പോൾ കളിമണ്ണിന്റെ ഇപ്പറഞ്ഞ ഗുണങ്ങളെല്ലാം ഒരേ സന്ദർഭത്തിലുള്ളതാണെന്ന് തോന്നുകയും ആശയം സങ്കീർണമാവുകയും ചെയ്യുന്നു. വചനത്തിലെ രണ്ട് من കളും ശ്രദ്ധിച്ചാൽ ഈ സങ്കീർണത ഒഴിവാക്കാം. മൺപാത്രം പോലെ മുട്ടിയാൽ ചിലമ്പും വണ്ണം വരണ്ടുണങ്ങിയതാണ് കളിമണ്ണിന്റെ മൗലികരൂപം. വെള്ളം ചേർത്ത് കുറെകാലം വെച്ചപ്പോൾ മാലിന്യങ്ങളും കൃമികീടങ്ങളും അടിഞ്ഞുകൂടി അതിന്റെ നിറം കറുപ്പായി, ദുർഗന്ധമുള്ളതുമായി. അതായത് ചിലമ്പുംവണ്ണം ഉണങ്ങിയുറച്ചത്, നനഞ്ഞു കറുത്തത്, ഗന്ധമുള്ളത് എന്നീ ഗുണങ്ങൾ കളിമണ്ണിന്റെ വ്യത്യസ്തദശകളാണ്. വെള്ളം ചേർന്ന് കാലപ്പഴക്കത്താൽ കറുത്തിരുണ്ട് ദുർഗന്ധപൂരിതമായ കളിമണ്ണിൽനിന്നാണ് മനുഷ്യന്റെ ഉത്ഭവം. അല്ലെങ്കിൽ നേരെമറിച്ച് നനഞ്ഞു കുതിർന്ന് മലിനവും ദുർഗന്ധപൂരിതവുമായിക്കിടന്ന കളിമണ്ണിൽനിന്ന് രൂപപ്പെടുത്തി ഉണക്കിയെടുത്തതാണ് മനുഷ്യസൃഷ്ടി. ഇതുസംബന്ധിച്ച് ഇബ്നു അബ്ബാസ്(റ) പ്രസ്താവിച്ചാതായി അബുശ്ശൈഖ് ഉദ്ധരിക്കുന്നു: അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചത് മൂന്നെണ്ണത്തിൽനിന്നാണ്: طين لازب–صلصال–حماء مسنون ഉറച്ചകട്ടയായ കളിമണ്ണാണ് طين لازب. പാത്രങ്ങളുണ്ടാക്കാനും മറ്റും നേർപ്പിച്ചു രൂപപ്പെടുത്തുന്നത് صلصال. കറുപ്പുള്ള കളിമണ്ണാണ് حمأ مسنون. ഇബ്നു അബ്ബാസ്(റ) പ്രസ്താവിച്ചതായി ഇബ്നു അസാക്കിർ ഉദ്ധരിക്കുന്നതിങ്ങനെയാണ്: "അല്ലാഹു ആദമിനെ ഭൂമിയുടെ പ്രതലത്തിൽനിന്ന് സൃഷ്ടിച്ചു. എന്നിട്ടത് طين لازب ആകുവോളം മണ്ണിലിട്ടു. കൂടിച്ചേർന്ന ഉറച്ച കളിമണ്ണാണത്. അനന്തരം അത് حَمَأ مسنون ആകുന്നതുവരെ ഉപേക്ഷിച്ചു. ദുർഗന്ധം വമിക്കുന്നതാണ് حَمَأ مسنون. അനന്തരം അല്ലാഹു അവന്റെ കരം കൊണ്ടതു സൃഷ്ടിച്ചു. അങ്ങനെ നാൽപതു നാൾ അത് രൂപപ്പെടുത്തിയതായി. അത് ഉണങ്ങിയപ്പോൾ മൺപാത്രം പോലെ, അടിച്ചാൽ ചിലമ്പുന്നതായിത്തീർന്നു. അത് صلصالഉം فخّارഉം ആയി. ഇതുപോലെയാണ് സൃഷ്ടിപ്രക്രിയ. والله أعلم -ഏറ്റം അറിയുന്നത് അല്ലാഹുവാകുന്നു."

ജീവനുള്ളതെല്ലാം ജലത്തിൽനിന്ന് ഉളവാക്കി എന്നും മനുഷ്യനെ കളിമണ്ണിന്റെ സത്തിൽനിന്നു സൃഷ്ടിച്ചു എന്നും ഖുർആൻ മറ്റുസ്ഥലങ്ങളിൽ പറയുന്നുണ്ട്. ഇതെല്ലാം സൃഷ്ടിപ്രക്രിയയുടെ പലഘട്ടങ്ങളായി മനസ്സിലാക്കാവുന്നതാണ്. സൃഷ്ടിയുടെ തുടക്കം അഗോചര(غيبي)മായ കാര്യമാണ്. അതിന്റെ വിശദാംശങ്ങൾ അഗോചര രഹസ്യങ്ങൾക്കെല്ലാം ഉടയവനായ അല്ലാഹു പറഞ്ഞു തരുന്നതിലധികം മനുഷ്യർക്ക് മനസ്സിലാക്കാനാവില്ല. മനുഷ്യസൃഷ്ടിയെ സംബന്ധിച്ച ഖുർആനിക പ്രസ്താവനകളെ പരിണാമവാദത്തിന്റെ നിഷേധമായി ആധുനിക പണ്ഡിതന്മാർ ചൂണ്ടിക്കാണിക്കാറുണ്ട്. മനുഷ്യൻ മറ്റേതെങ്കിലും ജീവിയിൽ നിന്നു പരിണമിച്ചുണ്ടായതല്ല; മണ്ണിൽനിന്ന് നേരിട്ട് സൃഷ്ടിക്കപ്പെട്ടവനാണ്. ഇക്കാര്യത്തിൽ യാതൊരുവിധ തർക്കത്തിനും പഴുതില്ല. എന്നാൽ ഡാർവിൻ സിദ്ധാന്തിക്കുന്നതുപോലെയല്ലെങ്കിലും മനുഷ്യസൃഷ്ടിയിൽ ചില പരിണാമദശകളുണ്ടാക്കിയിട്ടുണ്ട് എന്നും അതേ ഖുർആൻ വചനങ്ങൾ തന്നെ സൂചിപ്പിക്കുന്നുണ്ട്. വെള്ളം, മണ്ണിന്റെ സത്ത്, വരണ്ട കളിമണ്ണ്, നനഞ്ഞ കളിമണ്ണ്, കറുത്ത് ഗന്ധമുള്ള മണ്ണ് എന്നിങ്ങനെ. ഓരോ മനുഷ്യനും ജനിച്ചുവീഴും മുമ്പ് സൃഷ്ടിയുടെ പലദശകൾ പിന്നിടുന്നതായി ഖുർആൻ സ്പഷ്ടമായിത്തന്നെ പറയുന്നു. ജനിച്ചശേഷവും ശൈശവം, യൗവനം, വാർധക്യം തുടങ്ങി വിവിധ പരിണാമങ്ങൾ നേരിടേണ്ടതുണ്ട്.

ദുഷിച്ചു നാറിയ പദാർഥത്തിൽനിന്നാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതെന്നുണർത്തിയതിൽ ശ്രദ്ധേയമായ ചില ധ്വനികളുണ്ട്. സ്വർണം, വെള്ളി തുടങ്ങി വിലപിടിച്ച ധാരാളം ലോഹങ്ങളും അമൂല്യങ്ങളായ പലതരം രത്നങ്ങളും ഭൂമിയിലുണ്ടെങ്കിലും അതുകൊണ്ടൊന്നുമല്ല മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. വളരെ നിസ്സാരവും നീചവുമായ പദാർഥത്തിൽനിന്നാണ് ഭൗതിക മനുഷ്യന്റെ ഉത്ഭവം. വെള്ളവും മാലിന്യങ്ങളും ചേർന്ന ദുഷിച്ചുനാറിയ മണ്ണിൽനിന്നുതന്നെയാണ് കൃമികീടങ്ങളും മറ്റു ക്ഷുദ്രജീവികളും ഉത്ഭവിക്കുന്നത്. അല്ലാഹുവിന്റെ സൃഷ്ടികൾ എന്ന നിലയിൽ മണ്ണും മരവും കൃമികീടങ്ങളും തീയും ചൂടുമെല്ലാം ഒരുപോലെയാണ്.

മനുഷ്യനെ ഇതര സൃഷ്ടികളേക്കാൾ വിശിഷ്ടനാക്കുന്നത് അവൻ അല്ലാഹുവിന്റെ പ്രതിനിധിയായി സൃഷ്ടിക്കപ്പെട്ടവനാകുന്നു എന്നതാണ്. അല്ലാഹുവിങ്കൽ നിന്നുള്ള ആത്മാവിനെ അവനിൽ ഊതിയിട്ടുണ്ടെന്ന് തുടർന്ന് വരുന്ന 29-ാം സൂക്തത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ശരീരം ചേറിൽനിന്നു രൂപം കൊണ്ടതാണെങ്കിലും മനുഷ്യന്റെ ആത്മാവ് അഭൗതിക ലോകത്തുനിന്നുള്ളതാണ്. മനുഷ്യാസ്ഥിത്വത്തിന് രണ്ടു മാനമുണ്ട്. ശാരീരികമായി ഭൗതിക പ്രതിഭാസവും ആത്മീയമായി അഭൗതിക പ്രതിഭാസവുമാണവൻ. ജഢം മനുഷ്യനെ മണ്ണിലെ ക്ഷണിക സുഖങ്ങളിലേക്കു പിടിച്ചുവലിക്കുന്നു. ഭൗതിക വിഭവങ്ങളോട് അമിതാസക്തി വളർത്തുന്നത് ചെകുത്താനാണ്. ആത്മീയമായ ആശയങ്ങളും സ്വർഗീയ വിഭവങ്ങളുമാണ് ചെകുത്താന്റെ സ്വാധീനത്തിനു വഴങ്ങാത്ത ആത്മീയ മനുഷ്യന് പഥ്യം.

ആത്മാവിന് അതിന്റെ വഴിക്കും ശരീരത്തിന് അതിന്റെ വഴിക്കും പോകാനാവില്ല. ഒന്നുകിൽ ശരീരം ആത്മാവിനെ പിന്തുടരണം, അല്ലെങ്കിൽ നേരെ മറിച്ച്. ജഢികാസക്തികൾ ആത്മാവിനെ കീഴടക്കുമ്പോൾ മനുഷ്യൻ കേവല ജന്തുവായിത്തീരുന്നു. ശരീരം ആത്മാവിനാൽ ഭരിക്കപ്പെടുന്ന അവസ്ഥയാണ് തഖ്‌വ. മനുഷ്യനായിരിക്കാനും അല്ലാഹുവിന്റെ പ്രാതിനിധ്യം എന്ന ദൗത്യം നിർവഹിക്കാനും ആത്മാവും ശരീരവും കൂടിയേ തീരൂ. ജഢികവാസനകളെ നിഗ്രഹിക്കുകയും ഭൗതിക വിഭവങ്ങൾ പരിത്യജിക്കുകയുമല്ല മനുഷ്യന് അല്ലാഹുവിന്റെ പ്രാതിനിധ്യം സാക്ഷാത്കരിക്കാനുള്ള മാർഗം. പ്രത്യുത വികാരങ്ങളിൽനിന്നും വിഭവങ്ങളിൽനിന്നുമുള്ള ശരിയായ തെരഞ്ഞെടുപ്പാണ്. "സമ്പത്തും സന്തതികളും ഭൗതികജീവിതത്തിന്റെ അലങ്കാരങ്ങളാകുന്നു. എന്നാൽ നിലനിൽക്കുന്ന

സൽകർമങ്ങളത്രെ വിധാതാവിങ്കൽ വിശിഷ്ട ഫലമർഹിക്കുന്നത്, പ്രതീക്ഷിക്കാൻ ഉത്തമമായതും അതുതന്നെ" (18:46). ഈ വഴിക്ക് സഞ്ചരിച്ചാൽ, ദുർഗന്ധപൂരിതമായ ചേറിൽനിന്നുരുവം കൊണ്ട മനുഷ്യന് സ്വർഗലോകത്തെ മലക്കുകൾക്കും മീതെയുള്ള മഹനീയ പദവിയിലേക്കുയരാം. വിപരീതമാർഗത്തിൽ ചരിച്ചാൽ അവന്റെ ഗതി കുപ്പത്തൊട്ടിയിലെ കൃമികീടങ്ങളുടേതിനേക്കാൾ നികൃഷ്ടവും ശോചനീയവുമാകുന്നു.

**27:** سموم ചൂടുകാറ്റും തീക്കാറ്റുമാണ്. ഇവിടെ വിവക്ഷ തീജ്വാലയാണ്. *അർറഹ്മാൻ* 15-ാം സൂക്തത്തിൽ خَلَقَ ٱلْجَآنَّ مِن مَّارِجٍ مِّن نَّارٍ -ജിന്നുകളെ തീജ്വാലയിൽ നിന്നു സൃഷ്ടിച്ചു- എന്നുതന്നെ പറയുന്നുണ്ട്. ജിന്നുകൾ മനുഷ്യർക്കു മുമ്പേ സൃഷ്ടിക്കപ്പെട്ടിരുന്നു. ജിന്നുകൾ എന്ന സൃഷ്ടിക്ക് ഇഛാശക്തിയും സ്വാതന്ത്ര്യവുമുണ്ടെന്നാണ് അവയെക്കുറിച്ചും ഇബ്‌ലീസിനെക്കുറിച്ചുമുള്ള ഖുർആന്റെ പരാമർശങ്ങളിൽ നിന്നു വ്യക്തമാകുന്നത്. അല്ലാഹുവിനെ അനുസരിക്കാനെന്നപോലെ ധിക്കരിക്കാനും അവക്കു കഴിയുന്നു. സ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്തിയ ജിന്ന് അല്ലെങ്കിൽ അങ്ങനെ ചെയ്ത ജിന്നുകളുടെ നായകൻ ആണ് ഇബ്‌ലീസ്. സൂറ *അൽകഹ്ഫിൽ* സൃഷ്ടികഥ പറയുന്നിടത്ത് ഇബ്‌ലീസിനെ كَانَ مِنَ ٱلْجِنِّ അവൻ ജിന്നുകളിൽപെട്ടവനായിരുന്നു എന്നു പരിചയപ്പെടുത്തുന്നുണ്ട്. അഗോചരസൃഷ്ടികളാണെങ്കിലും ഇഛാശക്തിയും സ്വാതന്ത്ര്യവുമുള്ള ജിന്നുവർഗം മനുഷ്യരെപ്പോലെ ബോധപൂർവം അല്ലാഹുവിനെ അനുസരിക്കാൻ ബാധ്യസ്ഥരാണ്. ജിന്നുകളിൽ പെട്ട ഇബ്‌ലീസ് മലക്കുകളോടൊപ്പം അല്ലാഹുവിന്റെ സന്നിധിയിലെത്തിയതെങ്ങനെയെന്നോ അവരുടെ ആകൃതിയും പ്രകൃതിയും എന്താണെന്നോ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നോ കൃത്യമായ വിവരിക്കുന്ന ആധികാരിക പ്രമാണങ്ങൾ ലഭ്യമല്ല.

ഇവിടെ മനുഷ്യസൃഷ്ടി വിവരിച്ച ശേഷം ജിന്നുകളുടെ സൃഷ്ടിയെക്കുറിച്ചും പറയുന്നതിന്റെ താൽപര്യം, അവരുടെ മൂലഘടകം നമുക്കു പരിചയപ്പെടുത്തിത്തരിക എന്നതല്ല. തുടർന്നു വരുന്ന സൂക്തങ്ങൾ ഉദ്ധരിക്കുന്ന, ഇബ്‌ലീസിന്റെ തർക്കത്തിന്റെ അടിസ്ഥാന കാരണം സൂചിപ്പിക്കുകയാണ്. സൂറ *അൽഅഅ്റാഫിൽ* ഇത് خَلَقْتَنِي مِن نَّارٍ وَخَلَقْتَهُۥ مِن طِينٍ -എന്നെ തീയിൽനിന്നും അവനെ മണ്ണിൽനിന്നുമാണ് സൃഷ്ടിച്ചത്- എന്ന് ഇബ്‌ലീസ് തന്നെ പറയുന്നുണ്ട്. തീയിൽനിന്ന് സൃഷ്ടിക്കപ്പെട്ട താൻ മണ്ണിൽനിന്ന് സൃഷ്ടിക്കപ്പെട്ട മനുഷ്യനേക്കാൾ ഉന്നതനാണെന്ന് അഹങ്കരിക്കുകയായിരുന്നു ഇബ്‌ലീസ്. ഈ അഹങ്കാരമാണ് അവനെ ആദമിനു പ്രണാമം ചെയ്യാൻ വിസമ്മതിപ്പിച്ചത്. അത് അവൻ സ്വർഗലോകത്തുനിന്ന് ബഹിഷ്കൃതനും അഭിശപ്തനുമായിത്തീരാൻ കാരണമായി. ഈ അഭിശപ്തത മൂലം ഇബ്‌ലീസിനും ആദം സന്തതികൾക്കുമിടയിൽ സ്ഥിരമായ അസൂയയും വിദ്വേഷവും ഉളവായി. ഗുരുതരമായ ഈ സംഗതി ചൂണ്ടിക്കാണിച്ചുകൊണ്ട്, മനുഷ്യൻ അവന്റെ അനുഗ്രഹദാതാവായ സ്രഷ്ടാവിനെ ധിക്കരിക്കുമ്പോൾ തന്റെ ജന്മശത്രുവായ ചെകുത്താന്റെ അടിമത്വത്തിലകപ്പെട്ട് നിത്യനാശത്തിലേക്ക് കുതിക്കുകയാണെന്നുണർത്തുകയാണ് ഖുർആൻ. ■